## പതിമൂന്നാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1461** **03.10.2011-ൽ മറുപടിയ്ക്ക്**

### 100 ദിന പരിപാടിയിൽ പുതുതായി ഭരണാനുമതി നൽകിയ പദ്ധതികൾ

| | ചോദ്യം<br>ശ്രീ. എ.കെ. ബാലൻ | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി |
|---|---|---|
| (എ) | മുൻസർക്കാരിന്റെ ഭരണകാലത്ത് പ്രവർത്തനം തുടങ്ങിയ എത്ര പദ്ധതികളാണ് ഈ സർക്കാരിന്റെ ആദ്യത്തെ 100 ദിനത്തിൽ പൂർത്തീകരിക്കപ്പെട്ടത് ; | (എ) യും (ബി) യും<br>അത്തരം പദ്ധതികളൊന്നും പൂർത്തീകരിച്ചിട്ടില്ല. |
| (ബി) | ഇതിന്റെ വിവരം വകുപ്പുതിരിച്ച് നൽകാമോ ; | |
| (സി) | 100 ദിന പരിപാടിയിൽ ഏതെങ്കിലും പദ്ധതി പുതുതായി ഭരണാനുമതി നൽകി ആരംഭിച്ച് പൂർത്തീകരിച്ചതായി വ്യക്തമാക്കാമോ ? | (സി) മുഖ്യമന്ത്രിയുടെ ഓഫീസ് 7 ദിവസവും 24 മണിക്കൂറും പ്രവർത്തിക്കുന്നതിനായി ഒരു കാൾ സെന്റർ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ ബി.പി.എൽ. കാർക്ക് 1 രൂപ നിരക്കിൽ 25 കിലോ അരി നൽകി, പച്ചക്കറി വിത്ത് കിറ്റ് വീടുകളിൽ വിതരണം ചെയ്യുക, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മൽസരിക്കാൻ ജോലി രാജിവച്ച അങ്കൻവാടി ടീച്ചർമാർക്കും ഹെൽപ്പർമാർക്കും പുനർ നിയമനം നൽകി, എൻഡോസൾഫാൻ ദുരിത ബാധിതർക്ക് 1 ലക്ഷം രൂപ വീതം<br>(. . . . .2) |

അനുവദിച്ചു, വയനാട്ടിലെ അവിവാഹിതരായ ആദിവാസി അമ്മമാരുടെ പുനരധിവാസനടപടികൾ, ഇ-മസ്റ്റർ റോൾ സുതാര്യമാക്കി, കുട്ടനാട്ടിൽ നെല്ല് സംഭരിച്ചവരുടെ കുടിശ്ശിക തീർക്കുന്നതിനായി 50 കോടി രൂപ അധികം അനുവദിച്ച് വിതരണം ചെയ്തു, സർക്കാരിൻെറ കീഴിലുള്ള റോഡുകളുടെ പരിപാലനത്തിലെ പരാതികൾ അറിയിക്കാനും പരിഹരിക്കാനും ഹെൽപ്പ് ലൈൻ നടപ്പാക്കി തുടങ്ങിയ പദ്ധതികൾ ഇക്കാലയളവിൽ പൂർത്തീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ